**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 223/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

ഭാരതത്തിന്റെ അപ്പോസ്തലനും മലങ്കര സഭയുടെ സ്ഥാപകനുമായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ തിരുവിതാംകോട് സെന്റ് മേരീസ് അരപ്പള്ളി ലോകത്തിൽ നിലനിൽക്കുന്ന അതിപുരാതന ദേവാലയങ്ങളിൽ ഒന്നാണ്. കാലപ്പഴക്കത്തിൽ തിരുവിതാംകോട് അരപ്പള്ളിയുടെ മേൽക്കൂരയ്ക്ക് ജീർണ്ണത സംഭവിച്ചതിനാൽ അതിന്റെ കേടുപാടുകൾ അടിയന്തിരമായി തീർക്കേണ്ട സാഹചര്യം ഉണ്ടായി. കരിങ്കൽ തൂണുകളിൽ നിർമ്മിതമായ ഈ ദേവാലയം അതിന്റെ പൗരാണികതയും തനിമയും നിലനിർത്തി പുതുക്കുവാൻ തീരുമാനിക്കുകയും അത് പൂർത്തീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

നവീകരണം പൂർത്തിയായ തിരുവിതാംകോട് അരപ്പള്ളിയുടെ കൂദാശ 2025 നവംബർ മാസം ഒന്നാം തീയതി ശനിയാഴ്ച രാവിലെ നമ്മുടെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെടുകയാണ്. പരിശുദ്ധ സഭയിലെ മറ്റ് മെത്രാപ്പോലീത്താമാരും നമ്മോടൊപ്പം സഹകാർമ്മികരായിരിക്കുവാൻ നാം ആഗ്രഹിക്കുന്നു. അതിനോടനുബന്ധിച്ച് നടത്തുന്ന മാർത്തോമ്മൻ പൈതൃക സംഗമത്തിൽ സഹോദര സഭയിലെ മെത്രാപ്പോലീത്താമാരും രാഷ്ട്രീയ സാംസ്കാരിക നേതാക്കളും സംബന്ധിക്കുന്നുണ്ട്. ഈ കൂദാശയിലും സംഗമത്തിലും സഭയിലെ സാധിക്കുന്നത്ര വൈദികരും മാനേജിംഗ് കമ്മറ്റി അംഗങ്ങളും ഇടവകകളിൽ നിന്നും, പ്രത്യേകിച്ച് തെക്കൻ ഭാഗത്തുനിന്നുള്ള ദേവാലയങ്ങളിലെ, വിശ്വാസികളും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വികാരിമാരും മാനേജിംഗ് കമ്മറ്റിയും ഉചിതമായ തീരുമാനമെടുത്ത് നേതൃത്വം നൽകണമെന്ന് നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 സെപ്റ്റംബർ മാസം 25-ാം തീയതി
നോർത്ത് ഈസ്റ്റ് അമേരിക്ക ഭദ്രാസന കേന്ദ്രത്തിൽ നിന്നും